# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.246** **06.10.2016 ൽ മറുപടിക്ക്**

## യൂണിഫോം വിതരണം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. വി.ഡി.സതീശൻ<br>" എൽദോസ് കുന്നപ്പിള്ളി<br>" എ.പി.അനിൽകുമാർ<br>" വി.ടി.ബൽറാം | | | പ്രൊഫ സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് യൂണിഫോമിന് പണം നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എത്ര രൂപ വീതമാണ് വിദ്യാർത്ഥികൾക്ക് പ്രതിവർഷം നൽകാൻ ഉദ്ദേശിക്കുന്നത്, ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | ബി) | ഒരു കുട്ടിക്ക് ഒരു വർഷം 400/- രൂപ നിരക്കിലാണ് യൂണിഫോമിനായി തുക അനുവദിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ 2016-17 അദ്ധ്യയന വർഷത്തേയ്ക്കുള്ള തുക വകയിരുത്തിയിട്ടില്ല. എന്നാൽ 22.09.2016 ലെ സ.ഉ.160/2016/പൊ.വി.വ പ്രകാരം 71,71,71,600/- രൂപ ഇതിനായി അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകി കഴിഞ്ഞിട്ടുണ്ട്. ആയതിനെ തുടർന്ന് അധിക ധനാഭ്യർത്ഥന മുഖേന തുക അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | എ.പി.എൽ. വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്കും, ബി.പി.എൽ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്കും ഒരേ നിരക്കാണോ ഉദ്ദേശിക്കുന്നത്, ഒരേ നിരക്കെങ്കിൽ ബി.പി.എൽ വിഭാഗങ്ങൾക്ക് ഉയർന്ന നിരക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | സി) | അതെ. നിലവിൽ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും APL/BPL വ്യത്യാസമില്ലാതെ സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ബി.പി.എൽ വിഭാഗങ്ങൾക്ക് ഉയർന്ന നിരക്ക് ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് യൂണി ഫോമിന് കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | ഡി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ